ഹദീസ്

കെ.സി സലീം കരിങ്ങനാട്
kckaringanad@gmail.com

# വർധിക്കുന്ന കൊലപാതകങ്ങൾ

عَنْ أَبِي هُرَيْرَةَ (ر) قَالَ : قَالَ النَّبِيُّ صلى الله عليه وسلم : وَالَّذِي نَفْسِي بِيَدِهِ لَيَأْتِيَنَّ عَلَى النَّاسِ زَمَانٌ لاَ يَدْرِي الْقَاتِلُ فِي أَيِّ شَيْءٍ قَتَلَ وَلاَ يَدْرِي الْمَقْتُولُ عَلَى أَيِّ شَيْءٍ قُتِلَ (رواه مسلم)

**അബൂഹുറൈറ(റ)യിൽ നിന്ന് നിവേദനം. നബി (സ) പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനെക്കൊണ്ട് സത്യം. ജനങ്ങൾക്കൊരു കാലം വരാനുണ്ട്. അന്ന് ഘാതകനറിയില്ല, അവൻ എന്തിനു വേണ്ടിയാണ് മറ്റൊരാളെ കൊന്നതെന്ന്; കൊല്ലപ്പെട്ടവനറിയില്ല, താനെന്തിന്റെ പേരിലാണ് കൊല്ലപ്പെട്ടതെന്നും' (മുസ്‌ലിം).**

അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും കൂടുതൽ ആദരണീയത കൽപ്പിക്കപ്പെടുന്ന സൃഷ്ടിയാണ് മനുഷ്യൻ. മനുഷ്യനെ സൃഷ്ടിക്കുന്ന വേളയിൽ അല്ലാഹു മലക്കുകളോട് പറയുന്നതായി ഖുർആൻ വിവരിക്കുന്നു: ''നിങ്ങളുടെ റബ്ബ് മലക്കുകളോട് ഇപ്രകാരം പറഞ്ഞത് ഓർക്കുവിൻ, വരണ്ടതും ഗന്ധമുള്ളതുമായ കറുത്ത കളിമണ്ണിൽനിന്ന് ഞാൻ മനുഷ്യനെ സൃഷ്ടിക്കുന്നുണ്ട്. സൃഷ്ടി പൂർത്തീകരിക്കുകയും അതിൽ എന്റെ ആത്മാവിൽനിന്ന് ഊതുകയും ചെയ്താൽ നിങ്ങളെല്ലാം അവന്റെ മുമ്പിൽ പ്രണാമത്തിൽ വീഴണം. അങ്ങനെ മലക്കുകളൊക്കെയും പ്രണാമം ചെയ്തു. ഇബ്‌ലീസൊഴിച്ച്'' (*അൽഹിജ്ർ*: 28-31). മനുഷ്യന് എത്ര മാത്രം ആദരവും പദവിയും നൽകിയിട്ടുണ്ടെന്ന് ഈ ഖുർആൻ വചനം പറഞ്ഞുതരുന്നു. മനുഷ്യത്വം മരവിച്ച കെട്ടകാലത്താണ് നാം ജീവിക്കുന്നത്. ഓരോ ദിനവും എത്രയെത്ര കൊലപാതകങ്ങളാണ് നമ്മുടെ നാട്ടിൽ നടക്കുന്നത്! ഒരു കുടുംബത്തിലെ നാല് പേർ കേവലം അന്ധവിശ്വാസത്തിന്റെ പേരിൽ കൊലക്കത്തിക്കിരയാവുന്നു. നിഷ്കരുണം മാതാപിതാക്കളെ കൊല്ലുന്ന മക്കൾ, മക്കളെ കൊല്ലുന്ന മാതാപിതാക്കൾ. കൊലപാതകം വളരെ സാർവത്രികമായിത്തീരുമെന്ന നബിവചനത്തിന്റെ പുലർച്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

നിസ്സാരമായ കാര്യങ്ങളുടെ പേരിലാണ് പല കൊലപാതകങ്ങളും നടക്കുന്നത്. മനുഷ്യൻ ഇത്തരം ക്രൂരതകൾ ചെയ്യാൻ പ്രേരിതനാവുന്നത്, യഥാർഥ രക്ഷിതാവിലും തന്റെ കർമങ്ങൾ വിചാരണ ചെയ്യപ്പെടുന്ന പരലോകത്തിലും വിശ്വാസം നഷ്ടപ്പെടുന്നതുകൊണ്ടാണ്. തന്നെ സൃഷ്ടിച്ചത് അല്ലാഹുവാണെന്നും അല്ലാഹുതന്നെയാണ് മറ്റെല്ലാ ജീവജാലങ്ങളുടെയും സ്രഷ്ടാവെന്നും ബോധമുള്ള ഒരാൾ അന്യായമായി ഒരു ജീവനെയും നശിപ്പിക്കാൻ ശ്രമിക്കില്ല. തന്നെപ്പോലെ തന്നെയാണ് മറ്റുള്ളവരുമെന്ന ബോധം ഇല്ലാതാവുമ്പോൾ ആർക്കെതിരെയും എന്തും ചെയ്യാമെന്ന മനോനില സൃഷ്ടിക്കപ്പെടുന്നു. കൊലപാതകത്തിന് തടയിടാൻ പോലീസോ കോടതിയോ നിയമമോ വിചാരിച്ചാൽ മാത്രം കഴിയുകയില്ല. ഈ ഉറച്ച ബോധ്യവും വിശ്വാസവും സമൂഹത്തിലുണ്ടാക്കിയെടുക്കേണ്ടത് അനിവാര്യമാണ്. മനുഷ്യചരിത്രത്തിലെ ആദ്യത്തെ കൊലപാതകം ഭൂമിയിലെ പ്രഥമ മനുഷ്യനും പ്രവാചകനുമായ ആദം നബിയുടെ രണ്ട് മക്കൾ തമ്മിലുണ്ടായ കശപിശയെ തുടർന്നായിരുന്നു. ''ആദമിന്റെ രണ്ട് പുത്രന്മാരുടെ കഥയും യഥാവിധി അവരെ കേൾപ്പിക്കുക. അവരിരുവരും ബലിയർപ്പിച്ചപ്പോൾ ഒരുവന്റെ ബലി സ്വീകരിക്കപ്പെട്ടു. അപരന്റേത് സ്വീകരിക്കപ്പെട്ടില്ല. അവൻ പറഞ്ഞു; ഞാൻ നിന്നെ കൊന്നു കളയും. അപരൻ പ്രതിവചിച്ചു; അല്ലാഹു ഭക്തന്മാരുടെ വഴിപാട് മാത്രമേ സ്വീകരിക്കുകയുള്ളൂ'' (*മാഇദ*: 27). ഓരോ മനുഷ്യന്റെയും ഹൃദയത്തിൽ ഇതര മനുഷ്യരുടെ ജീവനോട് ബഹുമാനമുണ്ടായിരിക്കുകയും ഓരോരുത്തനും അപരന്റെ ജീവന്ന് സുരക്ഷിതത്വം നൽകാൻ സഹായിക്കുകയും ചെയ്യുന്നുവെങ്കിൽ മാത്രമേ ലോകത്ത് മനുഷ്യവംശത്തിന് നിലനിൽപ്പുള്ളൂവെന്ന് ആദമിന്റെ പുത്രന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ഖുർആൻ വിവരിക്കുന്നുണ്ട്. 'ആരെങ്കിലും സന്മാർഗത്തിലേക്ക്, നല്ല ചര്യയിലേ

ക്ക് ക്ഷണിക്കുകയാണെങ്കിൽ അതാരൊക്കെ പിൻപറ്റുന്നുവോ അവർക്ക് നൽകപ്പെടുന്ന പ്രതിഫലത്തിന് തുല്യമായ പ്രതിഫലം ക്ഷണിച്ച ആൾക്കും ലഭിക്കും. എന്ന് കരുതി ആ പിൻപറ്റിയ വരുടെ പ്രതിഫലത്തിൽനിന്ന് ഒട്ടും കുറഞ്ഞുപോവുകയുമില്ല. ആരെങ്കിലും ഒരു ദുരാചാരത്തിലേക്ക് ക്ഷണിക്കുകയാണെങ്കിൽ ആരൊക്കെ അതിനെ പിൻപറ്റുന്നുവോ അവർക്കൊക്കെ നൽക പ്പെടുന്ന കുറ്റവും ശിക്ഷയും ഇയാൾക്കും ലഭിക്കും. എന്ന് കരുതി മറ്റുള്ളവരുടെ കുറ്റങ്ങൾക്ക് ഒട്ടും കുറവ് വരികയില്ല' (മുസ്‌ലിം). സമൂഹത്തിൽ ഒരു ദുഷിച്ച നടപടിക്രമം ആര് തുടങ്ങിവെക്കുന്നു വോ, അത് പിൻപറ്റിക്കൊണ്ടിരിക്കുന്നവരുടെയൊക്കെ കുറ്റത്തിന്റെ ഒരു അംശം അത് തുടങ്ങിവെച്ചയാൾ പേറേണ്ടിവരുമെന്നർഥം.

നബി (സ) പറഞ്ഞു: 'ആരെങ്കിലും തന്റെ സഹോദരന്റെ നേർക്ക് ആയുധം ചൂണ്ടിയാൽ അവനതിൽനിന്ന് വിരമിക്കുന്ന തുവരെ മലക്കുകൾ ഒന്നടങ്കം അവനെ ശപിച്ചുകൊണ്ടിരിക്കും' (അഹ്മദ്). ഒരു മനുഷ്യനെ ഭീഷണിപ്പെടുത്തുന്നതു പോലും ഇസ്‌ലാമിൽ ഇത്രക്ക് ഗൗരവതരമായ കുറ്റമാണെങ്കിൽ കൊലപാ തകം എത്രമാത്രം ഗുരുതരമായിരിക്കുമെന്ന് ഊഹിക്കാം. ഇസ് ലാമൊരിക്കലും ഹിംസയെ പ്രോത്സാഹിപ്പിക്കുന്നില്ല. ഇസ്രാഈ ല്യരെ ഫറോവ ഭരണകൂടവും ഖിബ്ത്വി വംശവും വ്യാപകമായി കൊലചെയ്തുകൊണ്ടിരുന്നപ്പോൾ ഉണ്ടായ ഒരു സംഭവം ഖുർ ആൻ നമുക്ക് വിവരിച്ചു തരുന്നുണ്ട്: ''(ഒരിക്കൽ) നഗരവാസികൾ അശ്രദ്ധരായ സമയത്ത് മൂസാ നഗരത്തിൽ പ്രവേശിച്ചു. ഇവിടെ രണ്ടു പേർ അടിപിടി കൂടുന്നതു കണ്ടു. ഒരുവൻ തന്റെ സമുദാ യക്കാരനായിരുന്നു. അപരൻ ശത്രു സമുദായത്തിൽപെട്ടവനും. സ്വസമുദായക്കാരൻ ശത്രുസമുദായക്കാരനെതിരിൽ അദ്ദേഹത്തോ ട് സഹായം തേടി. മൂസാ അയാളെ ഒരിടിയിടിച്ചു. അയാളുടെ കഥ കഴിഞ്ഞു. (ഇതു സംഭവിച്ച പാട്) മൂസാ പറഞ്ഞു, ഇത് ചെകുത്താന്റെ പണിയാണ്. അവൻ ബദ്ധവൈരിയും തികച്ചും പിഴപ്പിക്കുന്നവനുമത്രെ'' (*അൽഖസ്വസ്*: 15). തങ്ങളുടെ പക്ഷത്തു ള്ള ആളുകളെ അവർ ധാരാളം കൊന്നിട്ടുണ്ടെന്ന് മൂസാ(അ)ക്ക് വേണമെങ്കിൽ മറുന്യായം പറയാമായിരുന്നു. പക്ഷേ അദ്ദേഹമത് ചെയ്തില്ല. നബി(സ) പറഞ്ഞു: 'അന്ത്യനാൾ സംഭവിക്കുകയില്ല, വിജ്ഞാനം തടയപ്പെടുകയും ഭൂകമ്പങ്ങൾ അധികരിക്കുകയും കാലദൈർഘ്യം ചുരുങ്ങുകയും കുഴപ്പങ്ങൾ അധികരിക്കുകയും കൊലപാതകം വർധിക്കുകയും ധനം അധികരിക്കുകയും ചെ യ്യുന്നതുവരെ' (ബുഖാരി, മുസ്‌ലിം). അന്ത്യനാളിന്റെ അടയാള ങ്ങളിലൊന്ന് കൊലപാതകങ്ങൾ വർധിക്കുകയെന്നതാണ്. ഇന്ന് മനുഷ്യർ കൂട്ടത്തോടെ കൊന്നൊടുക്കപ്പെടുകയാണ്. വർഗീയ സംഘട്ടനങ്ങളും ആൾക്കൂട്ടക്കൊലകളും നമ്മുടെ ഉറക്കം കെ ടുത്തുന്നു. അന്ത്യനാളിൽ ആദ്യമായി വിധികൽപ്പിക്കപ്പെടുന്നത് കൊലപാതകത്തിന്റെ വിഷയത്തിലായിരിക്കുമെന്ന് പ്രവാചകൻ പറഞ്ഞിട്ടുണ്ട്. ഭൂമിയിൽ സമാധാനപരമായ ജീവിതം സാധ്യമാക്കു ന്നതിനു വേണ്ടിയാണ് അല്ലാഹു കൊലപാതകത്തിന് ഖിസ്വാസ് (പ്രതിക്രിയ) നിർബന്ധമാക്കിയതു പോലും. ''അല്ലാഹു ആദരിച്ച ആത്മാവിനെ അന്യായമായി വധിക്കുകയെന്ന പാതകം ചെയ്യരുത്. ആരെങ്കിലും അന്യായമായി വധിക്കപ്പെട്ടാൽ അതിനു പ്രതിക്രി യാനടപടി തേടാനുള്ള അവകാശം അവന്റെ രക്ഷാധികാരിക്ക് നാം നൽകിയിരിക്കുന്നു'' (*അൽ ഇസ്രാഅ്*: 33). അല്ലാഹു നീതി മാനാണ്, അണുമണിതൂക്കം അനീതിയും ഒരു സൃഷ്ടിയോടും കാണിക്കുകയില്ല. നീതിയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും